## എന്നേക്കാൾ വലിയ നിയമജ്ഞയാണ് താനെന്ന് ഗൗരി കരുതുന്നുണ്ടോ? കർഷക സമരകേസുകളിൽ ഏതെങ്കിലും ഒരു കമ്മ്യൂണിസ്റ്റിനുവേണ്ടി വാദിച്ചിട്ടുണ്ടോ? കോടതിയിൽ രാഷ്ട്രീയം പറയുന്നു എന്നാരോപിച്ച് മുപ്പത് ദിവസം എന്നെ തടവിൽ പാർപ്പിച്ച കാര്യം ഗൗരിക്കറിയാമോ? എ.കെ.ജിയുടെ കേസുകളും കുടിയാന്മാരുടെ കേസുകളും വാദിക്കുന്നത് ചൂണ്ടിക്കാട്ടിയാണിത് ചെയ്തത്.

■ **ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ**



ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ: നിശിതമായ ധിഷണ
ഫോട്ടോ: കെ.രാജേഷ്കുമാർ

1957–ൽ ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കേരളത്തിൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് പാർട്ടി ഗവൺമെന്റ് ലോകത്തിന്റെ മുഴുവൻ ശ്രദ്ധാകേന്ദ്രമായിരുന്നു. അതിന് രണ്ടു കാരണങ്ങളുണ്ടായിരുന്നു. ഒന്ന്, പുതിയൊരു ലോകവീക്ഷണത്തോടെ അധികാരമേൽക്കുന്ന, സവിശേഷ ഭരണഘടനാ സാഹചര്യത്തിലെ ഗവൺമെന്റ്. രണ്ട്, ഭൂവിനിയോഗനയം. ഇന്നും ഭൂവിനിയോഗം ലോകമാകെ തീപ്പിടിച്ച ചർച്ചയ്ക്കു വിധേയമാണ്. കാരണം ഇതുവരെ കെട്ടിപ്പൊക്കിയവ നിൽക്കുന്നത് പൊയ്ക്കാലുകളിലാണെന്നും അടിസ്ഥാനങ്ങളിലേക്കു മടങ്ങിപ്പോകണമെന്നും ഭൂമിയുടെ അവകാശം ഉള്ളവനു മാത്രമേ ശാശ്വതപ്രഭുത്വം അവകാശപ്പെടാനാവൂ എന്നും മുതലാളിത്ത നയരൂപീകരണപണ്ഡിതർ വീണ്ടും കണ്ടെത്തുന്നു. എന്താണ് സോഷ്യലിസത്തിന് കുഴപ്പമെന്ന്

# കേരളത്തിലെ കർഷകജീവിതം ഞാൻ തൊട്ടറിഞ്ഞിട്ടുണ്ട്

നിപ്പിച്ചുവെന്ന് അദ്ദേഹം വിശദീകരിക്കുന്നു. ഗൗരിയമ്മയുടെ നുണകൾ, വ്യക്തിപരമായ അവഹേളനങ്ങൾ ഇതൊക്കെ മനസ്സിൽ ഘനീഭവിച്ച ഒരു കണ്ണീർക്കടൽ ഉണ്ടാക്കിയെന്ന് വേദനയോടെ പറയുമ്പോൾത്തന്നെ കൃഷ്ണയ്യർ ചരിത്രത്തിലേക്കും സ്വാതന്ത്ര്യപൂർവ്വവും സ്വാതന്ത്ര്യാനന്തരവുമുള്ള രാഷ്ട്രനിർമ്മാണ പ്രക്രിയയിലേക്കും ഒരു വാതിൽ തുറന്നിടുന്നു. ഇന്ത്യയുടെ വിധിനിർണ്ണയിച്ചവരുമായി അദ്ദേഹത്തിനുണ്ടായിരുന്ന ഉറ്റബന്ധവും വാക്കുകളിൽ തെളിഞ്ഞുകാണാം.

### കുടുംബത്തിനെതിരായ പരാമർശങ്ങൾ

കൃഷ്ണയ്യരുടെ വാക്കുകൾ: "ഗൗരിയമ്മയുടെ പരാമർശങ്ങളിൽ ഞാൻ കണ്ടത് രണ്ടുതരം അവഹേളനമാണ്. എന്റെ വ്യക്തിജീവിതത്തെയും പൊതുജീവിതത്തെയുമാണ് ഒരേസമയം കുത്തിനോവിക്കാൻ ശ്രമിച്ചത്. രണ്ടും വേദനാജ്ജനകമാണ്. കാരണം എനിക്കിത് രണ്ടും തമ്മിൽ ഭേദങ്ങളും ബന്ധങ്ങളുമുണ്ട്. ഗൗരിയമ്മ എന്നെക്കുറിച്ച് പറയാൻ ഉപയോഗിച്ച വാക്കുകൾ എനിക്ക് തിരിച്ചുപയോഗിക്കാൻ ഒട്ടും ആഗ്രഹമില്ല. പക്ഷേ, ചരിത്രത്തെ വക്രീകരിക്കാൻ അനുവദിച്ചുകൂടല്ലോ എന്നു കരുതിയാണ് പറയുന്നത്. അവരുടെ ശാഠ്യവും കാർക്കശ്യവും നിറഞ്ഞ വാക്പ്രയോഗങ്ങളിൽ എന്റെ കുടുംബത്തെക്കുറിച്ചും നിയമജ്ഞാനത്തെക്കുറിച്ചും പറഞ്ഞ ചില കാര്യങ്ങളിൽനിന്നു തുടങ്ങാം. അത് കേരള സംസ്ഥാന രൂപീകരണത്തിനും മുൻപ് തുടങ്ങിയ ചില സാമൂഹ്യ പരിണാമ പ്രക്രിയകളിലേക്കും കോലാഹലമൊന്നും കൂടാതെ ഞാൻ നടത്തിയ പൊതുപ്രവർത്തനത്തിലും നിയമലോകത്തും എത്തിച്ചേർന്നുകൊള്ളും. എല്ലാം അത്രമേൽ പരസ്പരബന്ധിതമാണെന്ന് ഞാൻ കരുതുന്നു.

ഞാൻ നുണയനും നിയമകാര്യങ്ങളിൽ തരംതാണയാളുമാണെന്ന അവരുടെ പരാമർശത്തിൽനിന്നുതന്നെ തുടങ്ങാം. ഞാൻ നാളെ (മാർച്ച് 8) സിംലയ്ക്കു പോകുകയാണ്. അവിടെ ഇന്ത്യയിലെ നൂറു പ്രമുഖ അഭിഭാഷകരുടെ സമ്മേളനത്തിൽ ഞാൻ സംസാരിക്കണമെന്നു നിർബന്ധിച്ചതുകൊണ്ട്, അസുഖം വകവയ്ക്കാതെ പോവുകയാണ്. നൂറ് അഭിഭാഷകരെ നുണപറഞ്ഞ് പഠിപ്പിക്കാൻ എന്നെ അവർ നിർബന്ധിച്ചുവെന്നാണോ ഗൗരിയമ്മ കരുതുക? ഒട്ടും നിയമജ്ഞാനമില്ലാത്ത ഒരാളെ പ്രത്യേകം തിരഞ്ഞെടുത്തതാണെന്ന് ഗൗരിയമ്മ കരുതുമോ?

അന്തസ്സുറ്റ കമ്മ്യൂണിസ്റ്റ് പ്രവർത്തകയും കുഴപ്പമൊന്നുമില്ലാത്ത മന്ത്രിയുമായിരുന്നു അവർ. എന്റെ ഭാര്യയുമായി അടുപ്പവുമുണ്ടായിരുന്നു. എന്നിട്ടും, എന്റെ അച്ഛന്റെ ഓഫീസിലുണ്ടായിരുന്ന ഒരു കുട്ടിയെ ഞാൻ വിവാഹം കഴിച്ചുവെന്നു പച്ചക്കള്ളം പറയാൻ അവർക്കെങ്ങനെ മനസ്സു വന്നു? അച്ഛനുമായി തെറ്റി എന്ന അപവാദവും. ശാരദ കൃഷ്ണയ്യർ ആരാണെന്ന് കേരളത്തിലും പുറത്തും ഒട്ടേറെപ്പേർക്കറിയാം. വി. ആർ. കൃഷ്ണയ്യരുടെ മേൽവിലാസം കൂടാതെതന്നെ, സ്വന്തം നിലയ്ക്ക് കാരുണ്യപ്രവർത്തനങ്ങൾ നടത്തിയ അവരെ അത്രതന്നെ പേർക്കുമറിയാം. അവർ സ്ഥാപിച്ച ട്രസ്റ്റുകളെക്കുറിച്ച് കൂട്ടുകാരിയായിരുന്ന ഗൗരിയ്ക്കുമറിയാം. ഗൗരിയമ്മ വലിയ വിപ്ലവകാരിതന്നെ. എന്റെ പാവം ഭാര്യ തലശ്ശേരി മുതൽ തിരുവനന്തപുരം വരെ കാരുണ്യപ്രവർത്തനം നടത്തിയ സാധാരണ സ്ത്രീ. 1971–ലെ പാക് യുദ്ധകാലത്ത് അവർ നടത്തിയ എഴുപത്തഞ്ചു പൈസയ്ക്ക് ഊണെത്തിക്കുക തുടങ്ങിയ കാരുണ്യപ്രവർത്തനങ്ങൾ ഗൗരിയമ്മയുടെ കാരുണ്യരഹിതമായ മനസ്സിൽ ചെറിയ കാര്യങ്ങളായിരിക്കും. പക്ഷേ, ഒട്ടേറെപ്പേർ, എന്നെപ്പോലെതന്നെ സ്വന്തം നിലയ്ക്ക് സമൂഹത്തിൽ പ്രസക്തിയുണ്ടായിരുന്നവരായിരുന്നു ശാരദ എന്നു പലവട്ടം പറഞ്ഞിട്ടുണ്ട്, എഴുതിയിട്ടുണ്ട്. അതിലൊരാളാണ് ഇന്ദിരാഗാന്ധി. ഇ.എം. എസ്സിനും ടി.വി. തോമസ്സിനുമൊക്കെ നേരിട്ടറിയാവുന്ന കാര്യമാണത്. ഗൗരിയമ്മ അതറിയാൻ വിസമ്മതിക്കുന്നു എന്നു മാത്രം. അതും അവരുടെ മിത്രമായിരുന്ന ശാരദയെ, മരണാനന്തരം അവഹേളിച്ചുകൊണ്ട്. സ്വന്തം ജീവിതത്തിലെ അനുഭവങ്ങളിൽനിന്ന് അവർ പഠിച്ചത് എന്തായിരിക്കും?

എന്റെ അച്ഛന്റെ ഓഫീസിൽ ഒരിക്കലും വനിതാ വക്കീലന്മാർ ഉണ്ടായിരുന്നില്ല. ശാരദയും അവിടെ ജോലി ചെയ്തിട്ടില്ല. പിന്നെ ഇത്തരമൊരു ദുഷ്പ്രചരണത്തിന് എന്താവും ഗൗരിയമ്മയ്ക്ക് പ്രേരണയായിട്ടുണ്ടാവുക? എന്റെ വിവാഹകാര്യത്തിൽ, അച്ഛനുമായി ഞാൻ തെറ്റിയെന്നു പറയുന്നു ഗൗരിയമ്മ. കൊയിലാണ്ടിയിലെ തറവാട്ടിൽ എല്ലാ ആഴ്ചയും, അദ്ദേഹം മരിക്കുംവരെ, ഞാൻ രണ്ടുനാൾ താ

മസിക്കുമായിരുന്നു. തലശ്ശേരി ആശുപത്രിയിൽ അദ്ദേഹം മരണശയ്യയിൽ കിടക്കുന്നു. ആശുപത്രിയിൽ ഓക്സിജനില്ല. അന്ന് എനിക്ക് കാറുണ്ട്. കോഴിക്കോട്ടയച്ച് ഒരു സിലിണ്ടർ വരുത്തി. തുറന്നപ്പോൾ അതിലുമില്ല ഓക്സിജൻ. എന്റെ അച്ഛൻ ഓക്സിജൻ കിട്ടാതെ മരിക്കുന്നത് കണ്ണീരോടെ കണ്ടുനിന്ന എന്നോട് ഗൗരിയമ്മ എന്തിനീ ക്രൂരത ആവർത്തിക്കുന്നു? അതുതന്നെ ഞാൻ തിരിച്ചു ചെയ്താൽ?

എന്റെ അച്ഛന്റെ 'അവിഹിത'സ്വത്തിനെക്കുറിച്ച് ഗൗരിയമ്മ പറഞ്ഞതുകൂടി വ്യക്തമാക്കാം. തലശ്ശേരിയിലെ ഒരു കുന്നിൻമുകളിൽ ധർമ്മടവുമായി ഒരു പുഴ അതിരിടുന്ന സ്ഥലത്താണ് അവർ പറയുന്ന എട്ടോ പത്തോ ഏക്കർ ഭൂമി. ഭൂപരിഷ്കരണനിയമത്തിലെ വ്യവസ്ഥകളെക്കുറിച്ച് നേരത്തെ അറിഞ്ഞ ഞാൻ ആ സ്വത്ത് ട്രസ്റ്റിന്റെ പേരിൽ സ്വന്തമാക്കി എന്നാണു ഗൗരിയമ്മയുടെ ആരോപണം. നിയമസഭയിൽ പ്രതിപക്ഷം അന്ന് ഇതുന്നയിച്ചതാണ്. അന്നുതന്നെ ഞാൻ രാജിക്കത്തെഴുതി മുഖ്യമന്ത്രി ഇ.എം.എസ്സിനു നൽകി. അദ്ദേഹം പറഞ്ഞു: "കൃഷ്ണയ്യർ, എന്റെ അച്ഛന്റെയും ഏട്ടന്റെയും പേരിൽ ഏലംകുളം മനയിൽ കിട്ടേണ്ട പാട്ടം പിരിച്ചുകൊടുക്കാൻ അവർ എന്നെ അയയ്ക്കാറുണ്ടായിരുന്നു. കുടിയാനെ പീഡിപ്പിക്കുന്ന കമ്മ്യൂണിസ്റ്റ് നേതാവ് എന്ന് ജന്മിമാർ എന്നെ പരിഹസിച്ചു. എന്റെ സ്വത്തു മുഴുവൻ ഞാൻ പാർട്ടിക്കു നൽകിയതോടെ, അവർ തളർന്നു. അതുകൊണ്ട് ഇപ്പോൾ നിങ്ങളുടെ പുറകെ വേട്ടയ്ക്കു വരുന്നു എന്നുമാത്രം. അതൊന്നും കാര്യമാക്കണ്ട."

ഈ വിവരം ഗൗരിയമ്മ അറിഞ്ഞു കാണുമോ എന്നറിയില്ല. ഏതായാലും പ്രതിപക്ഷ ആരോപണം അന്വേഷിക്കണമെന്ന് ഞാൻ മുഖ്യമന്ത്രിയോടാവശ്യപ്പെട്ടു. പക്ഷേ, പ്രതിപക്ഷം അത് പ്രസ് ചെയ്തില്ല.

ഗൗരിയുടെയും ഭർത്താവ് ടി.വി. തോമസിന്റെയും സുഹൃത്തായിരുന്നു ഞാൻ. ആ നിലയിൽ എന്റെ അച്ഛനും ഭാര്യയ്ക്കും സ്വകാര്യജീവിതത്തിനും നേരെ അവർ നടത്തിയ ആക്രമണം ഞാൻ സഹിച്ചു. എന്റെ ജീവിതത്തിൽ എനിക്കേറ്റവും പ്രധാനപ്പെട്ടത് ശാരദയാണെന്ന് നന്നായി അറിയാമായിരുന്ന ഗൗരി, പ്രാകൃതമായ ആരോപണം എങ്ങനെ നടത്തുന്നു? ഒരു ദൈവവും അവർക്കു മാപ്പു നൽകില്ലല്ലോ പ്രഭു! കാരണം ഞങ്ങളെപ്പോലെ ഒരു ദമ്പതികളും പാരസ്പര്യത്തോടെ ജീവിച്ചിട്ടുണ്ടാവില്ല. ഗൗരിയമ്മ ഉന്നയിച്ച വിഷലിപ്തമായ, ലജ്ജാവഹമായ ആരോപണങ്ങൾ ഓർത്ത് ഞാൻ കരയുകയാണ്. മൂന്ന് ഹൃദയശസ്ത്രക്രിയ കഴിഞ്ഞ് ശാരദ മരിച്ചു. പക്ഷേ, അവരെ അടക്കിയ മണ്ണിനുള്ളിൽനിന്നുപോലും ഗൗരിയ്ക്ക് ശാരദ മാപ്പുകൊടുക്കില്ല.

## പ്രക്ഷോഭങ്ങൾ, ചർച്ചകൾ, എതിർപ്പുകൾ

കേരളത്തിലെ കാർഷികചരിത്രം അറിയുന്ന ഏതൊരാൾക്കും അറിയാം, ഒരു വ്യക്തിയുടെയോ ഒരു മൂന്നംഗ ആസ്ഥാനസംഘത്തിന്റെയോ കൂടിച്ചേരലിൽ ഒരു ഭൂപരിഷ്കരണവും പിറക്കില്ല എന്ന്. അതിനു മുൻപു നടന്ന കർഷകരുടെ ചെറുത്തുനില്പുകൾ വിവിധ തലങ്ങളിൽ നടന്ന ചർച്ചകൾ, 'ഭാഗ്യവശാൽ', ഗൗരിയമ്മയും അംഗമായ, ഞാൻ ഉൾപ്പെടുന്ന മന്ത്രിസഭയും നിയമസഭയും നടത്തിയ നീണ്ട വിശകലനങ്ങൾ, പുറത്തു നടന്ന ചർച്ചകൾ, എതിർപ്പുകൾ ഇങ്ങനെ ഒട്ടേറെ തലങ്ങളിലൂടെ ഉരുത്തിരിഞ്ഞ ബില്ലാണത്. നിയമസഭയിൽ ബിൽ അവതരിപ്പിച്ചത് ഗൗരിയമ്മയാണെന്നു മാത്രം. ഇതു സംബന്ധിച്ച നിയമസഭാരേഖകളിൽനിന്ന് അതു വ്യക്തമാകും. ബില്ലിന്റെ നിയമവശങ്ങൾ വ്യാഖ്യാനിക്കാനുള്ള ചുമതല നിയമസഭയിൽ നിറവേറ്റിയത് വി.ആർ. കൃഷ്ണയ്യരാണെന്ന് അതിൽ തെളിഞ്ഞു കാണും നിങ്ങൾ.

കാർഷികപ്രശ്നങ്ങളിൽ എനിക്കുള്ള അറിവിനെ ചോദ്യം ചെയ്യുകയാണ് നേരിട്ടും അല്ലാതെയും ഗൗരിയമ്മ. അവരുടെ നാടിനടുത്ത് നടന്ന പുന്നപ്ര-വയലാർ സമരം അവർക്കറിയാമെങ്കിൽ മലബാറിലെ കഠിനമായ ഒരു ഡസൻ കർഷകസമരങ്ങളും അതിൽ രക്തം ചൊരിഞ്ഞവരെയും കുറിച്ച് തലശ്ശേരിക്കാരനായ ഞാൻ തൊട്ടറിഞ്ഞിട്ടുണ്ട്. അതോടൊപ്പം നൂറുനൂറു കാർഷിക തർക്കങ്ങളിൽ ഞാൻ കുടിയാൻമാർക്കുവേണ്ടി കോടതിയിൽ ഹാജരായിട്ടുണ്ട്. വാദിച്ചു ജയിച്ചിട്ടുണ്ട്. അവരുടെ വികാരങ്ങൾ അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ഇതൊന്നും ഗൗരിയമ്മ ഓർത്തില്ല, അല്ലെങ്കിൽ അജ്ഞയാണ്.

എന്താണ് കാർഷികകേരളത്തിന്റെ ചരിത്രമെന്നോ അവരുടെ ജീവിതം എങ്ങനെ നിയമബന്ധിതമായി സുഫലമാക്കാമെന്നോ ഗൗരിയമ്മ ചിന്തിച്ചിരുന്നതിനേക്കാൾ കൂടുതൽ പ്രവർത്തനം കൊണ്ട് ഞാനറിഞ്ഞിട്ടുണ്ട്. ഗൗരിയമ്മയ്ക്ക് മനസ്സിലാകുമെങ്കിൽ അതിനായി ഞാൻ അക്കമിട്ട് ഒരു കുറിപ്പ് തയ്യാറാക്കി വച്ചിട്ടുണ്ട്. ദൈവം അവർക്കു മാപ്പു നൽകട്ടെ എന്നുമാത്രമേ ഞാനതിൽ പ്രാർത്ഥിക്കുന്നുള്ളൂ. നിയമത്തിന്റെയും നീതിയുടെയും വഴികൾ അഹന്തയുടെയും ആത്മനിഷ്ഠതയുടെയുമല്ലാത്തതുകൊണ്ട് കാര്യങ്ങളെ ഞാനതിൽ തികഞ്ഞ കാരുണ്യത്തോടെയാണ് നോക്കിക്കാണുന്നത്, എന്റെ സഹപ്രവർത്തകയായിരുന്ന മന്ത്രി നടത്തിയ അപലപനീയമായ ചില ജല്പനങ്ങൾ എന്ന രീതിയിലാണ്. വസ്തുതകളാണ്, രേഖകളാണ് എന്റെ ആധാരം.

അല്പജ്ഞാനം വളരെ ആപത്കരമായ ഒരു സംഗതിയാണ്. അപ്പോൾ നമ്മുടെ ജ്ഞാനികളെയും നിയമനിർമ്മാതാക്കളെയും സംരക്ഷിക്കാൻ എത്ര മാത്രം വിവരം വേണ്ടിവരും? ഇതൊന്നും എന്റെ ജീവിതകഥയിൽ പ്രസക്തമല്ല. ഒരേയൊരു കാര്യമൊഴികെ. ഒരു സുഹൃത്തിന്റെ സ്വകാര്യജീവിതത്തെ മുറിവേല്പിക്കും വിധം അന്തസ്സില്ലായ്മയുടെ വക്കിലെത്തി നിൽക്കുന്ന, വാഗ് നിന്ദ നടത്തിയ വൃദ്ധയായ ഒരു വിധവയുടെ അഭിമുഖമാണ് പ്രസക്ത വിഷയം. ഇത് ഗൗരിയമ്മ എന്ന വയോധികയും എന്റെ കുടുംബസുഹൃത്തും മന്ത്രിസഭയിൽ എന്റെ സഹപ്രവർത്തകയുമായിരുന്നവരുടെ അഭിമുഖത്തെ ആസ്പദമാക്കിയാണ് പറയുന്നത്. ഇപ്പോഴും ഞാൻ അവരോടുള്ള ബഹുമാനവും മുൻകാല സൗഹാർദ്ദവും അതേപടി നിലനിർത്തുന്നു.

എന്നാൽ, സുദീർഘമായ ഒരു ലേഖനമോ അഭിമുഖമോ എന്തോ ആവട്ടെ, അതിലൂടെ മുൻപ് ഞാൻ 'സമകാലിക മലയാള'ത്തോടു പറഞ്ഞ കാര്യങ്ങൾ സംബന്ധിച്ച് വിഷലിപ്തമായ ഒട്ടേറെ നുണകൾ പറയാൻ ഗൗരിയമ്മ അവസരമാക്കിയതാവണം. അപകീർത്തിനിയമപ്രകാരം നിയമനടപടിക്കുള്ള ഒരു മാനസികാവസ്ഥയിലായിരുന്നു ഞാനെങ്കിൽ ഒരു പ്രതിരോധവും അവർക്കില്ലാത്ത, ശിക്ഷ ഉറപ്പായ ഒരു ക്രിമിനൽ കേസിലാവുമായിരുന്നു ഈ ആരോപണങ്ങളുടെ അന്ത്യം.

ആഭ്യന്തരം, നിയമം, വൈദ്യുതി, ജലസേചനം, സാമൂഹ്യക്ഷേമം, ജയിൽ,



ആദ്യ ഇ.എം.എസ് മന്ത്രിസഭാംഗങ്ങൾ പ്രധാനമന്ത്രി നെഹ്റുവിനൊപ്പം

ഉൾനാടൻ ജലഗതാഗതം എന്നീ വകുപ്പുകളാണ് ഞാൻ ഇ.എം.എസ് മന്ത്രിസഭയിൽ കൈകാര്യം ചെയ്തിരുന്നത്. ശരിയാണ്, ഗൗരിയമ്മ റവന്യൂ മന്ത്രിയും ഞാൻ വെറുമൊരു ആഭ്യന്തര-നിയമമന്ത്രിയുമായിരുന്നു. ഒരുപക്ഷേ, ഞാൻ ആ വകുപ്പുകൾ ഏറ്റെടുക്കണമെന്ന് ഇ.എം.എസ് ചിന്തിച്ചുകാണും. എനിക്ക് വലിയ സമ്മതമൊന്നുമില്ലായിരുന്നു. അന്ന് നല്ല പ്രാക്ടീസുള്ള വക്കീലായിരുന്നു ഞാൻ. മന്ത്രിക്കു ശമ്പളം അഞ്ഞൂറുരൂപ. എനിക്കൊരു ദിവസം അതു ഫീസായി കിട്ടുമായിരുന്നു. പൊങ്ങച്ചം പറയുകയല്ല, നല്ല പ്രാക്ടീസുണ്ടായിരുന്നു. ഒപ്പം, എ.കെ.ജിയുടെ എല്ലാ കേസുകളും ഞാനാണ് നടത്തിയത്. കുടികിടപ്പുകേസുകൾ, പാർട്ടിക്കെതിരായ കേസുകൾ ഇങ്ങനെ തിരക്കിട്ട ജീവിതം വേറെയുമുണ്ടായിരുന്നെങ്കിലും ഇ.എം.എസ് നിർബന്ധിച്ചപ്പോൾ ഞാൻ വഴങ്ങി. അന്ന് നിയമലോകവും സാഹചര്യങ്ങളും ആവശ്യപ്പെട്ടിരുന്നത് ഊർജ്ജസ്വലനും സർഗാത്മകതയുള്ളവനുമായ ഒരു നിയമമന്ത്രിയെയാണ്.

## നിയമരംഗത്തെ അനുഭവജ്ഞാനം

തൊഴിലാളികളേയും കർഷകരേയും ദരിദ്രജനവിഭാഗങ്ങളേയും അവരുടെ മനുഷ്യാവകാശ സംരക്ഷണത്തിലൂടെ സോഷ്യലിസ്റ്റ്-മതനിരപേക്ഷ-ജനാധിപത്യ സ്വഭാവത്തിലേക്ക് കൂട്ടായ്മയോടെ നയിക്കേണ്ടതുമുണ്ട് ഇടതുപക്ഷത്തിന്. ഈ പരിപ്രേക്ഷ്യം സത്യമാണെങ്കിൽ, ഭൂപരിഷ്കരണ നിയമത്തിന്റെ കരട് തയ്യാറാക്കാൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും അന്നത്തെ എം.എൽ.എമാരും എന്നോട് ആവശ്യപ്പെട്ട കാര്യം പാർട്ടിക്ക് പരിശോധിക്കാം. കാരണം, ബില്ലിന്റെ കരട് തയ്യാറാക്കൽ പെട്ടെന്നൊന്നും നടക്കില്ലെന്ന് ഗൗരിയമ്മ പറഞ്ഞപ്പോൾ അതിന്റെ നിയമവശങ്ങൾ അത്ര പ്രയാസമുള്ള കാര്യമല്ലെന്ന് ഞാൻ പറഞ്ഞുപോയി. അത്തരമൊരു നിയമം തയ്യാറാക്കാൻ ഭരണഘടനയും അതിന്റെ അടിസ്ഥാനഘടനയും അറിയണം. സങ്കീർണ്ണമായ പ്രക്രിയ തന്നെയാണത്.

ഒരുപക്ഷേ, മഹതിയായ ഗൗരിയമ്മ ഒരു ഭരണഘടനാ വിദഗ്ദ്ധയായ നീതിന്യായാധിപയാണെന്ന് ഇ.എം.എസ്സിന് അറിയാമായിരുന്നിരിക്കാം. എനിക്ക് പക്ഷേ, അതറിയില്ല. ഏതായാലും കരട് തയ്യാറാക്കാൻ എന്നെ ചുമതലപ്പെടുത്തിയ കാര്യം രാജ്യത്തെ എല്ലാ ജനനായകരും അംഗീകരിക്കും, ഗൗരിയമ്മയേക്കാൾ. അവർ കേരളാ ഹൈക്കോടതിയിൽ ഒരു വിദഗ്ദ്ധ അഭിഭാഷകയായിരുന്നു എന്നു പറയുന്നതും എനിക്കറിവുള്ളതല്ല. എന്റെ ദൗർഭാഗ്യമെന്നുപറയട്ടെ, ഞാൻ മിന്നൽവേഗത്തിൽ കരടുതയ്യാറാക്കി. അതിനു കഴിയുമായിരുന്നു. കാരണം, മദിരാശി നിയമസഭയിൽ അംഗമായിരുന്നപ്പോൾ, മലബാറിൽ നിന്നുള്ള എം.എൽ.എമാരുടേയും എം.എൽ.സിമാരുടേയും പിന്തുണയോടെ ഒരു 'ചെറിയ' കാർഷിക പരിഷ്കരണബിൽ അതിന്റെ സൂക്ഷ്മതലത്തിൽ അവതരിപ്പിച്ചു വിജയിപ്പിച്ച അനുഭവജ്ഞാനം എനിക്കുണ്ടായിരുന്നു. അന്നു രാജാജിയായിരുന്നു മുഖ്യമന്ത്രി. അടിമുടി താർക്കികൻ. സഭയിൽ എന്തു വാഗ്വാദത്തിനും തയ്യാർ.

ഗൗരിയമ്മയുടെ യോഗ്യതകൾ എന്താണെന്നത് എന്റെ വിഷയമല്ല. അവർ കഴിവുള്ളവരല്ല എന്നു ഞാൻ പറയുന്നുമില്ല. ഗൗരിയമ്മ മാതൃത്വം അവകാശപ്പെടുന്ന നിയമം സുപ്രീംകോടതിയിൽ ചോദ്യം ചെയ്യപ്പെട്ടപ്പോൾ ലണ്ടനിൽനിന്നുള്ള ബാരിസ്റ്റർ സി.എൻ. പ്രിറ്റിനോടൊപ്പം കോടതിയിൽ സർക്കാരിനുവേണ്ടി വാദിച്ചത് ഞാനായിരുന്നു. നിയമം എഴുതിയുണ്ടാക്കിയ മന്ത്രി ഉള്ളപ്പോൾ എന്നെ എന്തിനു നിയോഗിച്ചു എന്നത് ദുരൂഹമാണ്.

ഒരുപക്ഷേ, അവർ പ്രിറ്റിന് വിശദീകരിച്ചുകൊടുത്തുകാണും. ഞാനറിഞ്ഞില്ല. ആ നിയമം സുപ്രീംകോടതി അംഗീകരിച്ചില്ല. കുടുംബത്തിന്റെ നിർവചനം ശരിയല്ല എന്ന കൗതുകകരമായ ഒരു കാരണം പറഞ്ഞ് ഒറ്റ സെക്ഷന്റെ പേരിൽ ബില്ല് റദ്ദാക്കിയത് ദുരൂഹതയായി എന്റെ ഓർമ്മയിൽ തോന്നുന്നു. കേരളത്തിലെ നിയമലോകം വിപ്ലവവൽകരിക്കാൻ നിയമ ജീനിയസായ ഗൗരിയമ്മയുണ്ടല്ലോ നമുക്ക്. പിന്നെ എന്തുകൊണ്ട് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ കേരള ഭൂപരിഷ്കരണ കമ്മീഷന്റെ ചെയർമാനായി എന്നെ തെരഞ്ഞെടുത്തു? ഗൗരിയമ്മ കമ്മീഷനിൽ അംഗം പോലുമായില്ല?

ഗൗരിയമ്മ, താങ്കൾ അദ്ധ്യക്ഷയായ, യശോധാവള്യം ഉള്ള ഒരു പുതിയ കമ്മീഷൻ ഉടനെ രൂപീകരിക്കണം- ഗവൺമെന്റിൽ ഇപ്പോഴും കെട്ടിനിൽക്കുന്ന എന്റെ ദയനീയമായ റിപ്പോർട്ടുകളും ബില്ലുകളും വിപ്ലവവൽകരിക്കാൻ. മലബാർ കാർഷികബന്ധ ബില്ലിനുവേണ്ടി രാജാജിയും കാമരാജനാടാരുമായി ഞങ്ങൾ നടത്തിയ സംവാദങ്ങളും നെഹ്റുവുമായി നടത്തിയ ചർച്ചകളും ഒട്ടേറെ പരസ്യമല്ലെങ്കിലും രേഖകളാണ്. അവരിരുവരും തർക്കത്തിലും



വി.ആർ. കൃഷ്ണയ്യർ

ശാഠ്യത്തിലും മാത്രമല്ല ബൗദ്ധികമായ മറുപടികളിലും ഉരുളക്കുപ്പേരിയിലും അദ്വിതീയരായിരുന്നു. അവരെനിക്കയച്ച കത്തുകൾ ഈ മുറിയിലുണ്ട്. അതിലുണ്ട് സത്യവും ചരിത്രവും.

## സ്നേഹം കൊണ്ടുള്ള പ്രതിരോധം

കേരള ഭൂപരിഷ്കരണ നിയമവും ഞാനുമായുള്ള ബന്ധത്തെക്കുറിച്ചുള്ള ഗൗരിയുടെ മൊഴികൾ സത്യവുമായി ഒട്ടേറെത്തവണ വേർപിരിയുന്നതാണ്. സഭയിലും കോടതിയിലും ബഞ്ചിലും എവിടേയും ഈ പ്രായത്തിലും ആരേയും എനിക്കു വെറുക്കാനാവില്ല. കഷ്ടമെന്നു പറയട്ടെ, ഇ.എം.എസ്. ജീവിച്ചിരിപ്പില്ല. ഞാൻ കർഷക ഗ്രാമീണരോടൊപ്പമല്ലായിരുന്നെങ്കിൽ എന്തിന് മലബാർ കാർഷിക ബന്ധനിയമം മദിരാശി നിയമസഭയിൽ അവതരിപ്പിക്കണം? കാർഷികനിയമവുമായി എനിക്കൊരു ബന്ധവുമില്ലെങ്കിൽ എന്റെ അച്ഛന്റെ സ്വത്ത് ഞാൻ അവിഹിതമായി സംരക്ഷിച്ചുവെന്ന നിങ്ങളുടെ കുത്സിതമായ ആരോപണത്തിന് എന്താണർത്ഥം? എന്നേക്കാൾ വലിയ നിയമജ്ഞയാണ് താനെന്ന് ഗൗരി കരുതുന്നുണ്ടോ? കർഷക സമരകേസുകളിൽ ഏതെങ്കിലും ഒരു കമ്മ്യൂണിസ്റ്റിനു വേണ്ടി വാദിച്ചിട്ടുണ്ടോ? കോടതിയിൽ രാഷ്ട്രീയം പറയുന്നു എന്നാരോപിച്ച് മുപ്പത് ദിവസം എന്നെ തടവിൽ പാർപ്പിച്ച കാര്യം ഗൗരിക്കറിയാമോ? എ.കെ.ജിയുടെ കേസുകളും കുടിയാന്മാരുടെ കേസുകളും വാദിക്കുന്നത് ചൂണ്ടിക്കാട്ടിയാണിത് ചെയ്തത്. നിയമം വഴി എന്നെ ഒന്നും ചെയ്യാനാവില്ലെന്ന് കണ്ടതുകൊണ്ടും മദിരാശി മന്ത്രിസഭയിൽ പരിചയക്കാരുള്ളതിനാലും കോഴിപ്പുറത്തു മാധവമേനോനെന്ന കോൺഗ്രസ് നേതാവ് ഇടപെട്ടതുകൊണ്ടും മൂന്നു ദിവസം കൊണ്ട് എന്നെ മോചിപ്പിക്കാൻ ഉത്തരവായെങ്കിലും നടപടിക്രമങ്ങൾ പൂർത്തിയാവും വരെ ഞാൻ ജയിലിലായിരുന്നു; "അതീവ നിയമജ്ഞയായ ഗൗരിയോ"?

എ.കെ.ജി. ഇന്നില്ല. കയ്യൂർഗാഥയിലെ നായകൻ കെ.പി.ആർ. ഗോപാലനുമില്ല. അദ്ദേഹത്തിന്റെ വധശിക്ഷ ഇളവുചെയ്യാൻ മഹാത്മാഗാന്ധി വൈസ്രോയിക്ക് കത്തയച്ചത് ആര് മുൻകൈയെടുത്തതുകൊണ്ടാണെന്ന് ഗൗരിക്കറിയില്ല. അയൽപക്കത്തുനടന്ന പുന്നപ്ര വയലാർ സമരത്തെക്കുറിച്ചേ അവർക്കറിയൂ. എനിക്ക് കാർഷിക പ്രശ്നങ്ങളുമായി ബന്ധമൊന്നുമില്ലെന്നു പറയുന്ന ഗൗരിയ്ക്ക് മലബാറിന്റെ കാർഷികമേഖല അറിയാമോ? കേസു വാദിച്ചു ജയിച്ച അനുഭവജ്ഞാനം ബില്ലു തയ്യാറാക്കാൻ അവരെ സഹായിച്ചു എന്നു പറയുന്ന ഗൗരി, വാദിച്ച കേസേതാണെന്നു പറയാമോ? മലബാറിൽ എ.കെ. ഗോപാലന്റെ എല്ലാ കേസുകളും പ്രമുഖ കമ്മ്യൂണിസ്റ്റ് നേതാക്കളുടെ കേസും കുടിയായ്മ കേസുകൾക്കൊപ്പം ഞാൻ വാദിച്ചിട്ടുണ്ട്, ജയിച്ചിട്ടുണ്ട്. ആ അനുഭവങ്ങൾ ജ്ഞാനമായിട്ടുമുണ്ട്.

വികാരനിർഭരമായ ഒരു പ്രാർത്ഥനയോടെ പറയട്ടെ, ഈ ലോകത്ത് ഒരു വിശുദ്ധശക്തി നിലനിൽക്കുന്നുണ്ടെങ്കിൽ, നിങ്ങൾ എനിക്കും അച്ഛനുമെതിരെ ഉന്നയിച്ച പൈശാചിക ആരോപണങ്ങൾക്ക് മാപ്പു നൽകട്ടെ. എനിക്കിത് താങ്ങാൻ കഴിയും. സുപ്രീംകോടതി ജസ്റ്റിസ് എന്ന നിലയ്ക്കും അതിനുശേഷവുമുള്ള ജീവിതം കൊണ്ടും. പക്ഷേ, എന്റെ പേരിൽ ഗൗരിയമ്മ ഇരയാക്കപ്പെടരുത്. നിങ്ങൾക്ക് ജീവിതം സമൃദ്ധിയായിരിക്കട്ടെ. കാരണം വെറുപ്പിനെ പ്രതിരോധിക്കാനുള്ള ഉചിതമായ ആയുധം സ്നേഹമാണ്. ദൈവവിപണി തിങ്ങിനിറഞ്ഞതായതുകൊണ്ട് ചിലരെങ്കിലും നിങ്ങളോട് പൊറുക്കട്ടെ. "സത്യസന്ധനായ ഒരു ദൈവം മനുഷ്യന്റെ ശ്രേഷ്ഠതകളിലൊന്നാണ്" (ഇംഗർസോൾ). മൗലികമായ ചിന്തകൾ ഉറക്കെപ്പറയാനും എഴുതാനും ധാർമ്മികധീരതയുള്ള മനുഷ്യരെ നമുക്കുവേണം. സ്വന്തം ബോധ്യത്തിൽ മരിച്ചാലും ഉറച്ചുനിൽക്കുന്ന ധീരർ. നിങ്ങളോ അല്ലെങ്കിൽ ഞാനോ ആയിരിക്കും അത്.

## വിനയത്തിന്റെ അഭാവം

എന്റെ സ്വത്തിനെക്കുറിച്ചു പറയാൻ ഗൗരിക്ക് ബോധോദയമുണ്ടായതുകൊണ്ട് ചിലത് ഞാനുമോർത്തുപോവുന്നു. മന്ത്രിയായിരുന്നപ്പോൾ കന്റോൺമെന്റ് ഹൗസിലായിരുന്നു ഞാനും ശാരദയും. ഗൗരിയും ടി.വി. തോമസും അവരുടെ ഔദ്യോഗികവസതി 1957-ൽ എൺപതിനായിരം രൂപ ചെലവാക്കി മോടി പിടിപ്പിച്ചു. കന്റോൺമെന്റ് ഹൗസിലും വേണ്ടേ ഇതൊക്കെ എന്ന് ശാരദ എന്നോട് ചോദിച്ചു. ഞാൻ പറഞ്ഞു: "നമുക്കു വേണ്ടതൊക്കെ നമ്മുടെ വീട്ടിലുണ്ട്, ഏതായാലും സർക്കാർ പണം നമ്മൾ വെറുതെ ചെലവാക്കേണ്ട."

തലശ്ശേരി ബ്രണ്ണൻ കോളേജിന്റെ അഫിലിയേഷൻ മദിരാശി യൂണിവേഴ്സിറ്റി റദ്ദാക്കുമെന്നു വന്നപ്പോൾ സ്വന്തം സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറായവരാണ് ഞങ്ങളുടെ കുടുംബം. മദിരാശിയിൽ ഞാൻ കയറിയിറങ്ങാത്ത മന്ത്രിയോഫീസുകളും സെക്രട്ടറിമന്ദിരങ്ങളും കുറയും. വിദ്യാഭ്യാസ മന്ത്രിയായിരുന്ന സി. സുബ്രഹ്മണ്യത്തിന്റെ ഡയറിക്കുറിപ്പുകളിൽ വരെ അതുണ്ട്. എനിക്കവരുമായി തുല്യനിലയിൽ സംസാരിക്കാനായത് നിയമം പഠിക്കുകയും സമൂഹത്തിനുവേണ്ടി പ്രയോഗിക്കുകയും ചെയ്തതുകൊണ്ടാണ്. അനുഭവവും അറിവും യോജിക്കുമ്പോഴുണ്ടാവേണ്ട വിനയത്തിന്റെ അഭാവവും

ആർജ്ജവരാഹിത്യവുമാണ് ഗൗരിയുടെ പൊട്ടിത്തെറി. വെറും വൈയക്തികം. അത് എന്നെ കരയിപ്പിച്ചു.

ഒരു പുരുഷായുസ് മുഴുവൻ നിയമലോകത്ത് കഴിഞ്ഞ എനിക്ക് നിയമം അറിഞ്ഞുകൂടാ, കർഷകരുടെ വേദനകൾ പങ്കിട്ട എനിക്ക് കാർഷിക ബന്ധങ്ങൾ അറിഞ്ഞുകൂട. അവർ എന്തെല്ലാം പറഞ്ഞു. ഭൂപരിഷ്കരണ നിയമം ഗൗരിയുടെ തറവാട്ടുസ്വത്തല്ല, സ്വന്തമാണെന്ന് വരുത്തിത്തീർക്കുന്നു. ഒരുകാര്യംകൂടി മാത്രം; ഞാൻ കഴിവുകെട്ട ആഭ്യന്തരമന്ത്രിയായിരുന്നു എന്ന് ഗൗരിയമ്മ വ്യക്തമായി പറയുന്നുണ്ട്. അതുകൊണ്ട് ആ വകുപ്പ് എന്നിൽ നിന്നെടുത്തുമാറ്റി എന്നാണ് അവർ പറയുന്നത്. മാറ്റിയത് ശരിയാണ്.

വിമോചനസമരത്തിന്റെ അന്തരീക്ഷത്തിൽ കലാപകലുഷമായ ദിനങ്ങളിൽ ഗ്ലോറി എന്ന യുവതി പൊലീസിന്റെ വെടിയേറ്റു മരിച്ചിരുന്നു. മന്ത്രിസഭ രാജിവയ്ക്കണമെന്നുവരെ ആവശ്യമുയർന്നു. കൃഷ്ണയ്യരുടെ മാത്രം രാജിയല്ല, ഗൗരിയമ്മ ഉൾപ്പെട്ട മന്ത്രിസഭയുടെ രാജിയാണ് പ്രതിപക്ഷവും ആവശ്യപ്പെട്ടത്. ഒപ്പം അന്വേഷണവും. ഒരു പൗരൻ കൊല്ലപ്പെട്ടാൽ അന്വേഷണവും ഉത്തരവും വേണമെന്ന് ഞാനാണ് നിർബന്ധിച്ചത്. അന്വേഷണം നടക്കുമ്പോൾ ആഭ്യന്തരമന്ത്രി സ്ഥാനത്തു തുടരില്ലെന്നു പറഞ്ഞതും ഞാൻ. പക്ഷേ, രാജിവയ്ക്കാൻ ആരും സമ്മതിച്ചില്ല. എന്നാൽ, വകുപ്പുമാറണമെന്നായി ഞാൻ. അങ്ങനെ ആഭ്യന്തരം അച്യുതമേനോന് നൽകി അദ്ദേഹത്തിന്റെ കൃഷിവകുപ്പ് എന്നെ ഏല്പിച്ചു. കാർഷികമേഖല എന്താണെന്ന് അറിയാത്തവൻ എന്ന് ഗൗരിയമ്മ പറയുമ്പോൾ ഇതോർത്തില്ല! ആഭ്യന്തരമൊഴികെ മറ്റെല്ലാവകുപ്പുകളും ഞാൻ തന്നെ കൈകാര്യം ചെയ്യുകയും ചെയ്തു.

അർധസത്യങ്ങളും അസത്യങ്ങളും പറയുന്ന ഗൗരിയമ്മ നഗ്നസത്യങ്ങൾ കൂടി കാണേണ്ടതായിരുന്നു. തന്റെ സജീവ രാഷ്ട്രീയ-ജീവിതകാലത്ത് നടന്നവ. വിമോചന സമരകാലത്ത് കഴിവുകെട്ട ഈ മന്ത്രിയെയാണ് മുഖ്യമന്ത്രി ഇ.എം.എസ്., പ്രധാനമന്ത്രിയായിരുന്ന നെഹ്റുവിനെ കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്താൻ അയച്ചത്. അന്ന് വി.കെ. കൃഷ്ണമേനോൻ നെഹ്റുവിന്റെ വലംകൈയായിരുന്നു. കൃഷ്ണമേനോനോടും ഞാൻ ആഭ്യന്തര ക്രമസമാധാനത്തെക്കുറിച്ചും നിയമവശങ്ങളെക്കുറിച്ചും സംസാരിച്ചു. എന്നോട് കോൺഗ്രസ്സിൽ ചേരാൻ ഒരുഘട്ടത്തിൽ കൃഷ്ണമേനോൻ നിർദ്ദേശിക്കുകയും ചെയ്തു. ഞാൻ തിരസ്കരിച്ചു. ചരിത്രവുമായി മുഖാമുഖം നിന്നയാളാണ് ഞാൻ. ഗൗരിയമ്മ അങ്ങനെയല്ല എന്നു ഞാൻ പറയുന്നില്ല. പക്ഷേ, അവർ സ്വയം തിരിച്ചറിഞ്ഞതായി എന്റെ നിരീക്ഷണം എന്നെ ബോധ്യപ്പെടുത്തുന്നില്ല.

എന്നെക്കുറിച്ചുള്ള അല്പത്തവും കാപട്യവും നിറഞ്ഞ ആണയിടലുകൾ ആരു നടത്തിയാലും പൊറുക്കാനുള്ള അനുകമ്പ എനിക്കുണ്ട്, ഗൗരിയമ്മയായാലും. അതുകൊണ്ട് പ്രിയ ഗൗരി, നിങ്ങൾ നടത്തിയ അസത്യകരമായ കെട്ടിയേല്പിക്കലുകൾ ഞാൻ എന്റെ സ്വന്തം പേരിലും എന്റെ ഭാര്യയുടെ പേരിലും പൊറുക്കുന്നു. ഒരുപക്ഷേ, നിങ്ങൾ വസ്തുതകൾ പരിശോധിച്ചു കാണില്ല. ■

**തയ്യാറാക്കിയത്: രവിവർമ്മ**